ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# B 4- ദൈവം

## പാഠം 1 - പിതാവ്

**വായനഭാഗം:**
**യോഹന്നാൻ 14: 1–11, 23, 24**

**താക്കോൽ വാക്യം:**
**"കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു."**
1 യോഹന്നാൻ 3:1

### പഴയ നിയമം

ദൈവം തന്റെ പ്രത്യേക ജനമായി യിസ്രായേല്യരെ തിരഞ്ഞെടുത്ത സമയം മുതൽ, അവനെ അവരുടെ പിതാവായി അവരെ പരിപാലിക്കുന്നവനും അവരുടെ ഭാവിക്കായി ആസൂത്രണം ചെയ്യുന്നവനുമായി വിശ്വസിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചു. ഈ രണ്ട് വാക്യങ്ങളാൽ ഇത് വ്യക്തമായി കാണിക്കുന്നു:

a) യിസ്രായേല്യരെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുവാൻ വേണ്ടി ഫറവോന്റെ അടുക്കൽ പോകുവാൻ ദൈവം മോശെയോട് നിർദ്ദേശിച്ചപ്പോൾ, നീ ഫറവോനോടു: ***'യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രായേൽ എന്റെ പുത്രൻ, എന്റെ ആദ്യജാതൻ തന്നേ. എനിക്കു ശുശ്രൂഷ ചെയ്‌വാൻ എന്റെ പുത്രനെ വിട്ടയക്കേണമെന്നു ഞാൻ നിന്നോടു കല്പിക്കുന്നു; അവനെ വിട്ടയപ്പാൻ സമ്മതിക്കുന്നില്ലെങ്കിൽ ഞാൻ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെ തന്നേ കൊന്നുകളയും എന്നു പറക'. (പുറപ്പാട് 4: 22–23)***

b) യിസ്രായേല്യർ വാഗ്ദത്ത ദേശത്ത് പ്രവേശിക്കുവാൻ പോകുമ്പോൾ, മരുഭൂമിയിലൂടെ വന്ന സമയത്തു ദൈവം അവരെ സഹായിച്ചതെങ്ങനെയെന്ന് മോശ അവരെ ഓർമിപ്പിച്ചു. ***'ഒരു മനുഷ്യൻ തന്റെ മകനെ വഹിക്കുന്നതുപോലെ നിങ്ങൾ ഈ സ്ഥലത്തു എത്തുവോളം നടന്ന എല്ലാ വഴിയിലും നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ വഹിച്ചു എന്നു നിങ്ങൾ കണ്ടുവല്ലോ എന്നു പറഞ്ഞു.' (ആവർത്തനം 1:31)***

അതിനാൽ, ദൈവം ജനങ്ങളെ തന്റെ പുത്രനായി വീക്ഷിച്ചതായി നമുക്ക് കാണാൻ കഴിയും, അടിമത്വത്തിൽ നിന്ന് അവരെ സ്വന്തം രാജ്യത്തേക്ക് നയിക്കുന്നതിൽ ഒരു പിതാവിന്റെ എല്ലാ ഗുണങ്ങളും അവൻ പ്രകടിപ്പിച്ചു. അവൻ അവരെ നിരന്തരം ശാരീരികമായി പരിപാലിക്കുകയും ആത്മീയമായി പഠിപ്പിക്കുകയും അവർ അവന്റെ നിയമങ്ങൾ അനുസരിക്കാത്തപ്പോൾ അവരെ സ്നേഹപൂർവ്വം ശിക്ഷിക്കുകയും ചെയ്തു. ഒരു നല്ല പിതാവ് തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ അവൻ യിസ്രായേലിനെ സ്നേഹിച്ചു, അവരുടെ താൽക്കാലിക നന്മയ്ക്കും ശാശ്വതമായ അനുഗ്രഹത്തിനും വേണ്ടി അവൻ അവരെ കാത്തുസൂക്ഷിച്ചു.

### പുതിയ നിയമം

അതിനാൽ, യേശുവിന്റെ കാലമായപ്പോഴേക്കും, 'ദൈവം, പിതാവ്' ആണ് എന്ന ആശയം യഹൂദ മനസ്സുകളിൽ ഉറച്ചുനിന്നു. ദൈവത്തെക്കുറിച്ച് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുമ്പോൾ, കർത്താവായ യേശു ദൈവത്തെ പരാമർശിക്കാൻ 'പിതാവ്' എന്ന പദവി പതിവായി ഉപയോഗിച്ചു, എന്നാൽ പഴയനിയമത്തിൽ പറഞ്ഞതിനേക്കാൾ വളരെയധികം മുന്നോട്ട് പോയി, ***'നിങ്ങളുടെ സ്വർഗ്ഗീയപിതാവു'*** ആണ് എന്ന് വിശ്വസിക്കാൻ അവൻ തന്റെ അനുയായികളെ പഠിപ്പിച്ചു. ***(മത്തായി 5:45 – 48)***



എന്നാൽ പിതാവിനെക്കുറിച്ചുള്ള അവന്റെ പഠിപ്പിക്കലുകളെക്കാൾ പ്രധാനം, അവൻ പറയുന്നതും ചെയ്യുന്നതുമായ എല്ലാ കാര്യങ്ങളിലും, പിതാവ് എങ്ങനെയുള്ളവനാണെന്ന് യേശു കൃത്യമായി കാണിച്ചുതന്നു എന്നതാണ്. അവൻ പറഞ്ഞു, ***'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു'. (യോഹന്നാൻ 14:9)*** പിതാവായ ദൈവത്തിന്റെ പൂർണവും അന്തിമവുമായ വെളിപ്പാടാണ് യേശു.

എന്നാൽ എല്ലാ ആളുകളും വ്യക്തിപരമായി ദൈവത്തെ തങ്ങളുടെ പിതാവായി അറിയുന്നുണ്ടോ? ഇത് നമുക്കെല്ലാവർക്കും പൊതുവായുള്ള ബന്ധമാണോ? സൃഷ്ടിക്കപ്പെട്ട ഓരോ ജീവിയും ദൈവത്തിന്റെ സന്തതിയാണെന്ന് അവകാശപ്പെടാൻ കഴിയുന്ന ഒരു അർത്ഥമുണ്ട്, കാരണം ***'അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു.' (പ്രവൃത്തികൾ 17: 28 )*** എന്നാൽ ദൈവത്തെ നമ്മുടെ പിതാവെന്ന നിലയിൽ പൂർണ്ണമായ അർത്ഥത്തിൽ അറിയാൻ, അവന്റെ പുത്രനായ കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകൾക്ക് നാം ശ്രദ്ധ നൽകേണ്ടതുണ്ട്, ***'ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.' (യോഹന്നാൻ 14:6)*** പൗലോസ് ഗലാത്യയിലെ ക്രിസ്ത്യാനികൾക്ക് എഴുതിയപ്പോൾ അദ്ദേഹം പറഞ്ഞു ***'ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു.' (ഗലാത്യർ 3:26)***

കർത്താവായ യേശുവിനെ നമ്മുടെ രക്ഷകനായി സ്വീകരിച്ചുകഴിഞ്ഞാൽ, ദൈവം നമ്മുടെ സ്വർഗീയ പിതാവാണെന്നും, അവൻ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി കരുതുകയും ചെയ്യും എന്ന അറിവിൽ നമുക്ക് സുരക്ഷിതരായി വിശ്രമിക്കാം. ഭൂമിയിലെ പിതാവിനോട് ആദരവുള്ള, അവനെ പ്രസാദിപ്പിക്കുന്ന രീതിയിൽ ജീവിക്കുന്ന ഒരു കുട്ടിയുടേതായിരിക്കണം നമ്മുടെ പ്രതികരണം. ***'വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു...' (ഫിലിപ്പിയർ 2:14, 15).*** ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ നമ്മുടെ ലക്ഷ്യം എപ്പോഴും അവന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുകയും പിതാവെന്ന നിലയിൽ അവനുമായുള്ള നമ്മുടെ ബന്ധത്തോട് സത്യസന്ധത പുലർത്തുകയും വേണം.

**ദൈവം എന്ന പഠനത്തിന്റെ നാല് യൂണിറ്റിൽ അവസാനത്തേതാണ്.**

ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

# B 4- ദൈവം

## പാഠം 2 - പുത്രൻ

**വായനഭാഗം:**
**എബ്രായർ 1: 1–9**

**താക്കോൽ വാക്യം:**

**"തോമാസ് അവനോടു: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ! "**

യോഹന്നാൻ 20:28

### ദൈവത്വത്തിന്റെ വസ്തുത

യേശു ദൈവമാണെന്ന് ഇന്ന് പലരും നിഷേധിക്കുന്നു. എന്നാൽ യഥാർത്ഥ ദൈവമല്ലാത്ത ഒരു രക്ഷകൻ തകർന്ന ഒരു പാലം പോലെയാണ് അതിനാൽ, യേശു ദൈവപുത്രനാണെന്ന് നമ്മുടെ മനസ്സിൽ വ്യക്തമായിരിക്കേണ്ടതും അതുപോലെ നമ്മുടെ ഹൃദയങ്ങളിൽ വിശ്വസിക്കുന്നതും ആവശ്യമാണ്. ***'കാരണം അവനിൽ (അതായത് ക്രിസ്തുവിൽ) ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു..' (കൊലൊസ്സ്യർ 2:9)*** ഒരാൾ ദൈവികനാണെന്ന് നാം പറയുകയാണെങ്കിൽ, ആ വ്യക്തിക്ക് ദൈവതുല്യമായ ഗുണങ്ങൾ ഉണ്ടെന്നാണ് അർത്ഥമാക്കുന്നത്. എന്നാൽ 'യേശുവിന്റെ ദൈവത്വത്തെ'ക്കുറിച്ച് പറയുമ്പോൾ നാം അർത്ഥമാക്കുന്നത് അവൻ ദൈവമാണെന്നാണ്.

ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ സത്യം നമ്മുടെ ക്രിസ്തീയ വിശ്വാസത്തിൽ അടിസ്ഥാനമായിരിക്കുന്നതിന് രണ്ട് കാരണങ്ങളുണ്ട്:

1. നമ്മുടെ നിത്യരക്ഷ കർത്താവായ യേശുക്രിസ്തുവിന്റെ പ്രവർത്തനത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. ***'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.' അവനിൽ വിശ്വസിക്കുന്നവന്നു ന്യായവിധി ഇല്ല; (യോഹന്നാൻ 3:16, 18)*** യേശു ദൈവമല്ലെങ്കിൽ, നമ്മുടെ രക്ഷയെക്കുറിച്ച് നമുക്ക് എപ്പോഴെങ്കിലും ഉറപ്പുണ്ടായിരിക്കാൻ കഴിയുമോ?
2. നമ്മുടെ ശക്തിയും ജീവിത മാർഗനിർദേശവും കർത്താവായ യേശുക്രിസ്തുവിന്റെ നിരന്തരമായ സാന്നിധ്യത്തെയും സഹായത്തെയും ആശ്രയിച്ചിരിക്കുന്നു. ***'അതിനാൽ, അവനിലൂടെ ദൈവത്തോട് അടുക്കുന്നവരെ പരമാവധി രക്ഷിക്കാൻ അവനു കഴിയും, കാരണം അവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സാദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു'. (എബ്രായർ 7:25)*** ദൈവത്തോട് തുല്യനായ ഒരാൾക്ക് മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളൂ.

### ദൈവത്വത്തിന്റെ തെളിവുകൾ

**1. ആളുകളുടെ ആരാധന**

യേശു ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ആളുകൾ അവനെ ആരാധിക്കാൻ വന്നിരുന്നു. വിദ്വാന്മാരും, യേശുവിന്റെ ശിഷ്യന്മാരും, അശുദ്ധാത്മാവുള്ള മനുഷ്യനും ഉദാഹരണങ്ങളാണ്. ***(മത്തായി 2: 11, മർക്കോസ് 5: 6, 7, മത്തായി 14: 33 കാണുക)*** മറ്റുള്ളവർ അവന്റെ ദൈവത്വത്തെ അംഗീകരിക്കാൻ തയ്യാറായില്ല. എന്നാൽ അവനെ ആരാധിച്ചവരെല്ലാം ദൈവത്തെ പ്രസാദിപ്പിച്ചവരും ഒരു ഭാവി കാലത്തെ മുൻകൂട്ടി കാണിക്കുന്നവരായിരുന്നു. 'എല്ലാ നാവും ***'യേശുക്രിസ്തു കർത്താവു' എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിന്നായി ഏറ്റുപറകയും ചെയ്യേണ്ടിവരും'. (ഫിലിപ്പിയർ 2:11)***

**2. അവന്റെ അത്ഭുതങ്ങൾ**

യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതങ്ങളും അടയാളങ്ങളും ***'യേശു ദൈവപുത്രനായ ക്രിസ്തുഎന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന്നും ഇതു എഴുതിയിരിക്കുന്നു.' (യോഹന്നാൻ 20:31)*** മനുഷ്യ നിയന്ത്രണത്തിന് പുറത്തുള്ള കാര്യങ്ങളിൽ അവർ യേശുവിന്റെ ശക്തി പ്രകടമാക്കുന്നു, ഉദാഹരണത്തിന്, 5,000 പേർക്ക് കുറച്ച് അപ്പവും മീനും നൽകിയത്, 38 വർഷമായി രോഗബാധിതനായ ഒരു മനുഷ്യനെ സുഖപ്പെടുത്തുന്നതും ഗലീലാ കടലിൽ കൊടുങ്കാറ്റിനെ ശാന്തമാക്കിയതും. അങ്ങനെ ചെയ്യുന്നതിലൂടെ, അവൻ തന്റെ ദൈവത്വം തെളിയിക്കുകയും തന്നിൽ വിശ്വസിക്കാൻ ആളുകളെ വെല്ലുവിളിക്കുകയും ചെയ്തു. ഒരിക്കൽ, അവൻ അവരോട് പറഞ്ഞു, ***'...നിങ്ങൾ എന്നെ വിശ്വസിക്കാതിരുന്നാലും പിതാവു എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിന്നു പ്രവൃത്തിയെ വിശ്വസിപ്പിൻ'. (യോഹന്നാൻ 10:38)***

**3. അവന്റെ അധികാരം**

ഒരു ദിവസം, യേശു ഒരു മനുഷ്യനോട് അവന്റെ പാപങ്ങൾ ക്ഷമിച്ചുവെന്ന് പറഞ്ഞു, എന്നാൽ നോക്കിനിൽക്കുന്ന പരീശന്മാർ ദൈവത്തിന് മാത്രമേ പാപങ്ങൾ ക്ഷമിക്കാൻ കഴിയൂ എന്ന് ഉറപ്പിച്ചു പറഞ്ഞു. യേശു മറുപടി പറഞ്ഞു, ***'മനുഷ്യപുത്രന് ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ അധികാരമുണ്ട്" കൂടാതെ മനുഷ്യന് നടക്കാനുള്ള ശക്തി നൽകിക്കൊണ്ട് പാപത്തെ നേരിടാനുള്ള തന്റെ ശക്തി കാണിക്കുകയും ചെയ്തു. (ലൂക്കോസ് 5:17–26)*** മറ്റു പലർക്കും തങ്ങളുടെ പാപങ്ങളിൽനിന്നും തങ്ങളെ തടവിലാക്കിയ സാത്താന്റെ ശക്തിയുടെ പിടിയിൽനിന്നും അവന്റെ വിടുതൽ അനുഭവപ്പെട്ടു.

**4. അവന്റെ പുനരുത്ഥാനം**

ജീവിതത്തിനും മരണത്തിനും മേൽ ദൈവത്തിന് മാത്രമേ അധികാരമുള്ളൂ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു, എന്നിട്ടും യേശു തന്റെ ജീവിതത്തെക്കുറിച്ച് സംസാരിച്ചത് തന്റെ ജീവിതത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് എന്ന് വ്യക്തമാക്കുന്ന വിധത്തിൽ. അവൻ പറഞ്ഞു, ***'ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ടു; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ടു; ഈ കല്പന എന്റെ പിതാവിങ്കൽ നിന്നു എനിക്കു ലഭിച്ചിരിക്കുന്നു. ' (യോഹന്നാൻ 10:18)*** ഇതുപോലെ സംസാരിക്കാൻ വേറെ ആർക്കും കഴിയുകയില്ല.



**5. പിതാവായ ദൈവത്തിന്റെ സാക്ഷി**

യേശു സ്നാനമേറ്റപ്പോൾ ദൈവം പറഞ്ഞു, ***'ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'. (മത്തായി 3:16, 17)*** യേശു ദൈവപുത്രൻ എന്ന് പിതാവായ ദൈവം അംഗീകരിക്കുന്നതിന്റെ രണ്ടാമത്തെ ഉദാഹരണം ***എബ്രായർ 1:5*** ൽ കാണാം ***'നീ എന്റെ പുത്രനാണ്.' 8–ാം വാക്യത്തിൽ*** ദൈവ പുത്രനെ 'ദൈവം***'! എന്ന് അഭിസംബോധന ചെയ്യുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ് 'ദൈവമേ, നിന്റെ സിംഹാസനം എന്നേക്കും നിലനിൽക്കുന്നു.'*** ക്രിസ്തുവിന്റെ ദൈവത്വത്തിന് ദൈവത്തെക്കാൾ ഉയർന്ന സാക്ഷ്യം കണ്ടെത്താൻ കഴിയില്ല!

**ദൈവം എന്ന പഠനത്തിന്റെ നാല് യൂണിറ്റിൽ അവസാനത്തേതാണ്.**

# ഉത്തരക്കടലാസ്സ്
## B 4- ദൈവം
### പാഠം 1 - പിതാവ്

**അദ്ധ്യാപകന്റെ അഭിപ്രായം:**

**പേര്:** ______________________

**വിലാസം:** ______________________

1. ***യോഹന്നാൻ 1: 12*** **ഉപയോഗിച്ച്, ഒരു വ്യക്തി എങ്ങനെയാണ് പിതാവെന്ന നിലയിൽ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതെന്ന് വിശദീകരിക്കുക.**

   ______________________ / 3

2. **'അച്ഛനെപ്പോലെ മകനും' എന്നത് ഒരു ആൺകുട്ടി തന്റെ പിതാവിനെപ്പോലെ തന്നെ കാഴ്ചയിലും, സംസാരത്തിലും , പ്രവർത്തിയിലും കാണുമ്പോൾ സാധാരണയായി ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്. ഏതു വിധങ്ങളിൽ 'ദൈവത്തിന്റെ മക്കൾ' തങ്ങളുടെ സ്വർഗീയ പിതാവിനെപ്പോലെ ആയിരിക്കണം?**

   ______________________ / 3

3. ***സങ്കീർത്തനം 103:13*** **വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

   a) ഒരു പിതാവ് തന്റെ മകനോട് എന്ത് ഗുണമാണ് കാണിക്കുന്നത്? ______________________

   b) ഇതേ ഗുണം കർത്താവ് എങ്ങനെ പ്രകടിപ്പിക്കുന്നുവെന്ന് വിശദീകരിക്കുക. ______________________ / 2

4. ***'ദൈവത്തിന്റെ സന്തതി'*****യും** ***'ദൈവത്തിന്റെ മക്കൾ'*** **ആയിരിക്കുന്നതും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുക. മുഴുവൻ മാർക്കിനും, അനുയോജ്യമായ ബൈബിൾ റഫറൻസുകൾ ഉപയോഗിക്കുക.**

   ______________________ / 5

5. ***യോഹന്നാൻ 14: 8–10*** **വായിക്കുക**

   a) ഫിലിപ്പോസ് എന്ത്അഭ്യർത്ഥനയാണ് നടത്തിയത്? ______________________

   b) യേശു നൽകിയ ഉത്തരത്തിലൂടെ എന്താണ് ഉദ്ദേശിച്ചതെന്ന് വിശദീകരിക്കുക. ______________________ / 4

6. ***'മലയിലെ പ്രസംഗത്തിൽ'*****, ദൈവം അവരുടെ 'സ്വർഗ്ഗസ്ഥനായ പിതാവ്' ആണെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു.**

   a) ***മത്തായി 6: 7, 8, 26–32*** വായിച്ച്, അവൻ തന്റെ കുട്ടികളെ എങ്ങനെ പരിപാലിക്കുന്നുവെന്ന് സംഗ്രഹിക്കുക.

   ______________________

   b) ദൈവമക്കൾക്ക് അവനുമായി ആശയവിനിമയം നടത്താൻ കഴിയുന്നത് എങ്ങനെ? ***(മത്തായി 6:9–15)*** / 4

7. **വായന ഭാഗം വായിച്ച് ഓരോ പ്രസ്താവനയും ശരിയാണോ തെറ്റാണോ എന്ന് എഴുതുക.**

   a) സ്വർഗ്ഗത്തെ 'എന്റെ പിതാവിന്റെ ഭവനം' എന്ന് വിശേഷിപ്പിക്കുന്നു. ______

   b) പിതാവിലേക്ക് പല വഴികളുണ്ടെന്ന് യേശു പറഞ്ഞു. ______

   c) തോമസ് പറഞ്ഞു, 'എനിക്ക് പിതാവിനെ കാണിക്കൂ'. ______

   d) യേശുവിന്റെ വാക്കുകൾ പാലിക്കുന്നവരെ പിതാവ് സ്നേഹിക്കുന്നു. ______ / 4

**ചിന്തിക്കുക:** നിങ്ങളുടെ സ്വർഗീയ പിതാവായി ദൈവത്തെ ലഭിക്കുവാനുള്ള പദവിയെക്കുറിച്ച് ചിന്തിക്കുക. നിങ്ങൾക്കുള്ള ഈ ബന്ധത്തിനെല്ലാം അവനോട് നന്ദി പറഞ്ഞുകൊണ്ട് സമയം ചെലവഴിക്കുക.

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## B 4- ദൈവം

### പാഠം 2 - പുത്രൻ

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **'യേശുവിന്റെ ദൈവത്വം ' എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?**

/ 3

2. **കർത്താവായ യേശുവിന്റെ ദൈവത്വത്തിന്റെ സത്യം പ്രധാനമായിരിക്കുന്നതിന്റെ ഒരു കാരണം നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.**

/ 2

3. **ഈ പ്രസ്താവനകളിൽ ഓരോന്നിനും ശരിയോ തെറ്റോ എന്ന് ഉത്തരം നൽകുക:**

a) തന്നെ 'ദൈവപുത്രൻ' എന്ന് വിളിക്കുവാൻ യേശു ആരെയും അനുവദിച്ചില്ല. ______

b) ദൈവത്തിന്റെ എല്ലാ പൂർണ്ണതയും യേശുക്രിസ്തുവിൽ വസിക്കുന്നു. ______

c) കർത്താവായ യേശു ഒരിക്കലും ആരുടെയും പാപങ്ങൾ ക്ഷമിച്ചിട്ടില്ല. ദൈവത്തിനു മാത്രമേ അതിനു കഴിയൂ എന്നും അവൻ പറഞ്ഞു. ______

d) യേശുവിന്റെ സ്നാന വേളയിൽ ദൈവം യേശുവിന്റെ ദൈവത്വത്തിനു സാക്ഷ്യം നൽകി. ______

e) യേശുക്രിസ്തുവിന്റെ ദൈവത്വത്തിലുള്ള വിശ്വാസം ക്രിസ്തീയ ഉപദേശത്തിന്റെ ഒരു പ്രധാന കാര്യമാണ്. ______

f) യേശുവിന്റെ വാക്കുകൾ പാലിക്കുന്നവരെ പിതാവ് സ്നേഹിക്കുന്നു. ______

/6

4. **യേശു ചെയ്ത അത്ഭുതങ്ങൾ (അല്ലെങ്കിൽ 'അടയാളങ്ങൾ') യോഹന്നാൻ രേഖപ്പെടുത്തിയത് എന്തുകൊണ്ട്? *(യോഹന്നാൻ 20:30,31* കാണുക)**

/ 2

5. ***യോഹന്നാൻ 10:17–18* ൽ, സ്വന്തം ജീവിതത്തിന്മേൽ അസാധാരണമായ അധികാരമുണ്ടെന്ന് യേശു അവകാശപ്പെട്ടു.**

a) ആരും അതിനെ എന്നോട് എടുത്തുകളകയില്ലെന്ന് പറയാൻ കാരണമെന്ത് ? ______

b) തന്റെ ജീവൻ ത്യജിച്ചതിനുശേഷം താൻ എന്തു ചെയ്യുമെന്ന് അവൻ പറഞ്ഞു? ______

b) ഈ പ്രസ്താവനകൾ അവനെക്കുറിച്ച് നമ്മോട് എന്താണ് പറയുന്നത്? ______

/ 5

6. ***യോഹന്നാൻ 20: 24–29* ലെ തോമസിനെക്കുറിച്ചുള്ള വിവരണം വായിക്കുക.**

a) യേശു ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കാൻ തോമസ് എന്ത് വ്യവസ്ഥകൾ ആണ് വെച്ചത്? ______

b) താക്കോൽ വാക്യത്തിൽ നിന്ന് തോമസിന്റെ വാക്കുകൾ എഴുതുക ______

c) തോമസിന്റെ മനോഭാവത്തിൽ ഇത്രയും ശ്രദ്ധേയമായ മാറ്റത്തിന് കാരണമായത് എന്താണെന്ന് നിങ്ങൾ കരുതുന്നു?

/ 5

6. **കർത്താവായ യേശുവിന്റെ ദൈവത്വത്തെ ഊന്നിപ്പറയുന്ന *എബ്രായർ 1: 14 ൽ* നിന്നുള്ള രണ്ട് വാക്യങ്ങൾ എഴുതുക.**

/ 2

**ചിന്തിക്കുക:** യേശു ദൈവമാണെന്ന് വിശ്വസിക്കുന്നില്ലെന്ന് പറയുന്ന ഒരാളുടെ കൂടെയാണ് നിങ്ങൾ ഉള്ളത്. അവന്റെ ദൈവത്വത്തെ ബോധ്യപ്പെടുത്തുന്ന എന്ത് തെളിവുകളാണ് സുവിശേഷങ്ങളിൽ നിന്ന് നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുക?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## B 4- ദൈവം

### പാഠം 3 - പരിശുദ്ധാത്മാവ്

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **താഴെപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക:**

a) പരിശുദ്ധാത്മാവിന്റെ സർവ്വവ്യാപിത്വം ***സങ്കീർത്തനം 139: 7*** ൽ എങ്ങനെ പ്രകടമാക്കുന്നു.

b) പരിശുദ്ധാത്മാവിന്റെ സർവ്വജ്ഞാനം ***1 കൊരിന്ത്യർ 2: 9 – 10*** ൽ എങ്ങനെ പ്രകടമാക്കുന്നു.

c) പരിശുദ്ധാത്മാവിന്റെ സർവശക്തിയെ ***റോമർ 8:11*** ൽ എങ്ങനെ പ്രകടമാക്കുന്നു.

/6

2. **പരിശുദ്ധാത്മാവ് ഏത് രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്?**

a) യേശുവിന്റെ സ്നാനത്തിൽ? ***(മത്തായി 3:16)***

b) സഭയുടെ രൂപീകരണത്തിൽ, പെന്തക്കോസ്ത് ദിനത്തിൽ? ***(പ്രവൃത്തികൾ 2: 14)***

/ 2

3. **ഇനിപ്പറയുന്നവയ്ക്ക് ഉത്തരം നൽകുക:**

a) ***ഗലാത്യർ 5: 22 – 23*** വായിച്ച് ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന ആറ് ഗുണങ്ങൾ എഴുതുക.

/6

b) ഈ ഗുണങ്ങൾ കർത്താവായ യേശുവിൽ പൂർണ്ണമായും കാണപ്പെട്ടു എന്നത് മനസ്സിൽ വെച്ചുകൊണ്ട്, ഓരോ ക്രിസ്ത്യാനിയിലും പരിശുദ്ധാത്മാവ് എങ്ങനെയാണ് പ്രവർത്തിക്കുന്നത്?

4. **ഈ പ്രസ്താവനകളിൽ ഓരോന്നിനും ശരിയോ അല്ലെങ്കിൽ തെറ്റോ എന്നെഴുതുക:**

a) പരിശുദ്ധാത്മാവ് ഒരു സ്വാധീനം മാത്രമാണ്, യഥാർത്ഥ വ്യക്തിത്വമില്ല.

b) പ്രപഞ്ചത്തിന്റെ സൃഷ്ടിയിൽ പരിശുദ്ധാത്മാവ് സജീവമായിരുന്നു.

c) പഴയനിയമ കാലത്ത് ആർക്കും പരിശുദ്ധാത്മാവിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു.

d) കർത്താവായ യേശു മരിക്കുന്നതിന് മുമ്പ്, ശിഷ്യന്മാർക്ക് ഒരു വാഗ്ദാനം നൽകി, സത്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനെ നിങ്ങൾക്ക് തരും .

e) ക്രിസ്ത്യാനികൾക്ക് പരിശുദ്ധാത്മാവ് ലഭിക്കുന്നത് മാനസാന്തരത്തിന്റെ നിമിഷത്തിലാണ്.

/5

5. **പരിശുദ്ധാത്മാവ് വിവിധ രീതികളിൽ ഉപയോഗിച്ച ചില ആളുകളുടെ പേരുകൾ, ബൈബിൾ റഫറൻസുകൾക്കൊപ്പം ഇവിടെയുണ്ട്. ഓരോ പേരിൽ നിന്നും ശരിയായ റഫറൻസിലേക്ക് ഒരു വര വരയ്ക്കുക.**

| | |
|---|---|
| ശിംശോൻ | ***പ്രവൃത്തികൾ 11: 22 – 24*** |
| പത്രോസ് | ***സംഖ്യ 24: 2*** |
| സ്തെഫാനോസ് | ***പ്രവൃത്തികൾ 4:8*** |
| ബിലെയാം | ***ന്യായാധിപന്മാർ 14: 56*** |
| ബർന്നബാസ് | ***പ്രവൃത്തികൾ 6:5*** |
| ഗിദെയോൻ | ***ന്യായാധിപന്മാർ 6:34*** |

/ 6

**ചിന്തിക്കുക:** എന്റെ ജീവിതത്തിൽ എന്നെ സഹായിക്കുവാനും നയിക്കുവാനും ഞാൻ പരിശുദ്ധാത്മാവിനെ ആശ്രയിക്കുന്നുണ്ടോ, അതോ എന്റെ സ്വന്തം ശക്തിയിൽ കാര്യങ്ങൾ ചെയ്യാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

**ആകെ മാർക്ക്** / 25

# ഉത്തരക്കടലാസ്സ്

## B 4 - ദൈവം

### പാഠം 4 - ത്രിത്വം

**അദ്ധ്യാപകന്റെ അഭിപ്രായം:**

1. **'ദൈവം അനന്തമാണ്, എന്നാൽ നമ്മൾ പരിമിതരാണ്' ഈ പ്രസ്താവനയുടെ അർത്ഥമെന്താണെന്ന് വിശദീകരിക്കുക**

/ 4

2. ***മത്തായി 3: 16 – 17* വായിച്ച് യേശുവിന്റെ സ്നാനത്തിൽ പിതാവായ ദൈവവും പരിശുദ്ധാത്മാവും വഹിച്ച പങ്ക് വിശദീകരിക്കുക.**

/ 4

3. ***യോഹന്നാൻ 14: 25–26 ലെ* കർത്താവായ യേശുവിന്റെ വാക്കുകൾ വായിക്കുക, തുടർന്ന് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുക:**

a) ആരാണ് പരിശുദ്ധാത്മാവിനെ അയക്കുന്നത്?

b) വേറെ ഏത് പേരാണ് പരിശുദ്ധാത്മാവിനെ വിളിക്കുവാൻ ഉപയോഗിക്കുന്നത്?

c) ഈ വാക്യങ്ങൾ അനുസരിച്ച് പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അല്ലെങ്കിൽ പ്രവർത്തനം എന്താണ്?

/4

4. ***2 കൊരിന്ത്യർ 13: 14* വീണ്ടും വായിക്കുകയും ദൈവത്തിൽനിന്ന് നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.**

/ 3

5. ***'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ'* സ്നാനം ഏൽക്കുന്നതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾക്ക് കഴിയുന്നത്ര വ്യക്തമായി വിശദീകരിക്കുക.**

/ 4

6. **നമ്മുടെ ജീവിതത്തിന്റെ മേൽ ദൈവിക ഭരണം സ്വീകരിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾ കരുതുന്നത്?**

/ 2

7. **'ത്രിത്വം' എന്ന വാക്കിന്റെ അർത്ഥം 'ത്രീ ഇൻ വൺ' എന്നാണ്. ബൈബിളിൽ കാണുന്നില്ലെങ്കിലും ഈ പദം ദൈവത്തിനുവേണ്ടിയുള്ള ഒരു നാമമെന്ന നിലയിൽ വളരെ അനുയോജ്യമായിരിക്കുന്നത് എന്തുകൊണ്ട്?**

/4

**ചിന്തിക്കുക:** ദൈവത്തെക്കുറിച്ച് അറിയുന്നതും അവനിൽ വിശ്വസിക്കുന്നതും നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും മാറ്റമുണ്ടാക്കുമോ? ഈ പഠനങ്ങൾ പഠിപ്പിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു എന്ന് പ്രകടിപ്പിക്കാൻ ശ്രമിക്കുക.

**ആകെ മാർക്ക്** / 25 **ആകെ യൂണിറ്റ് മാർക്ക്** / 100

© Bible Educational Services | Visit : www.besweb.com | 10/2023

# ബൈബിൾ ടൈം
സമഗ്ര പഠനം

bible educational services

## B 4- ദൈവം

### പാഠം 3 - പരിശുദ്ധാത്മാവ്

**വായനഭാഗം:**

**യോഹന്നാൻ 16: 7–15**

**താക്കോൽ വാക്യം:**

**"ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു"**

ഉൽപത്തി 1:2

### പരിശുദ്ധാത്മാവ് എന്ന വ്യക്തി

ഭൂമിയുടെ സൃഷ്ടിയിൽ ദൈവത്തിന്റെ ആത്മാവ് (അല്ലെങ്കിൽ 'പരിശുദ്ധാത്മാവ്' ) ഒരു പ്രധാന പങ്ക് വഹിച്ചുവെന്ന് താക്കോൽ വാക്യം നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവ് ദൈവത്വത്തിൽ പിതാവിനും പുത്രനും തുല്യനായ ഒരു വ്യക്തിയാണ്. ദൈവത്തിന്റെ എല്ലാ ഗുണങ്ങളും അവനുണ്ട്, ഉദാഹരണത്തിന്:

**1. സർവ്വവ്യാപിത്വം –** എല്ലായിടത്തും ആയിരിക്കാനുള്ള കഴിവ്.

***സങ്കീർത്തനം 139:7***

**2. സർവജ്ഞാനം –** എല്ലാ കാര്യങ്ങളും അറിയാനുള്ള കഴിവ്.

***1 കൊരിന്ത്യർ 2: 9–10***

**3. സർവശക്തി –** എല്ലാ കാര്യങ്ങളും ചെയ്യാനുള്ള കഴിവ്.

***റോമർ 8:11***

### പരിശുദ്ധാത്മാവിന്റെ ശക്തി

പഴയനിയമ കാലത്ത്, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്ക് പരിശുദ്ധാത്മാവ് പ്രത്യേക കഴിവും ശക്തിയും നൽകിയ സന്ദർഭങ്ങളുണ്ട്, ഉദാഹരണത്തിന്:

1. ശിംശോൻ, യിസ്രായേലിന്റെ അറിയപ്പെടുന്ന ന്യായാധിപൻ. അവനെക്കുറിച്ച്, ***ന്യായാധിപന്മാർ 14: 6*** പറയുന്നു, ***'യഹോവയുടെ ആത്മാവു അവന്റെമേൽ വന്നു; കയ്യിൽ ഒന്നും ഇല്ലാതിരിക്കെ അവൻ അതിനെ ഒരു ആട്ടിൻ കുട്ടിയെപ്പോലെ കീറിക്കളഞ്ഞു;'***
2. ബെസലേൽ, കൂടാരത്തിന്റെ നിർമ്മാണത്തിലെ സങ്കീർണ്ണമായ വർക്ക്മാൻഷിപ്പിന് ഉത്തരവാദിയായ ഒരു വിദഗ്ദ്ധ ശില്പി. അവനെക്കുറിച്ച് സംസാരിക്കുമ്പോൾ മോശ പറഞ്ഞു, ***'യഹോവ യെഹൂദാ ഗോത്രത്തിൽ ഹൂരിന്റെ മകനായ ഊരിയുടെ മകൻ ബെസലേലിനെ പേർചൊല്ലി വിളിച്ചിരിക്കുന്നു. കൌശലപ്പണികളെ സങ്കല്പിച്ചുണ്ടാക്കുവാനും പൊന്നു, വെള്ളി, താമ്രം എന്നിവകൊണ്ടു പണി ചെയ്യുവാനും.' (പുറപ്പാട് 35: 30–31)***

എന്നാൽ പുതിയ നിയമത്തിലാണ് പരിശുദ്ധാത്മാവിന്റെ പങ്ക് കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. അവൻ പ്രവർത്തിക്കുന്ന ഈ മേഖലകൾ ശ്രദ്ധിക്കുക:

1. കർത്താവായ യേശുവിന്റെ ജീവിതത്തിലും സേവനത്തിലും. അവന്റെ സ്നാനസമയത്ത്, ആത്മാവ് ഇറങ്ങിവന്നു, അവന്റെമേൽ വസിച്ചു. ***(യോഹന്നാൻ 1: 31–34)*** അവന്റെ എല്ലാ പഠിപ്പിക്കലുകളിലും അത്ഭുതങ്ങളുടെ പ്രകടനത്തിലും, അവൻ പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെട്ടു. ***(ലൂക്കാ 4:16 – 21)***

2. ***പ്രവൃത്തികൾ 2: 14*** ൽ വിവരിച്ചിരിക്കുന്നതുപോലെ, ആത്മാവിന്റെ ശക്തിയാൽ രൂപംകൊണ്ട സഭയിൽ. അന്നുമുതൽ, പരിശുദ്ധാത്മാവ് സഭയുടെ ഗുരുവും വഴികാട്ടിയുമാണ്. ***(യോഹന്നാൻ 16:13–14)***

3. വ്യക്തിഗത വിശ്വാസികളുടെ ജീവിതത്തിൽ. അവൻ അവരുടെ സ്വഭാവം വികസിപ്പിക്കുകയും കൂടുതൽ ക്രിസ്തുവിനെപ്പോലെയാകാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ***(ഗലാത്യർ 5:22–25)***

4. ഇതുവരെ അവിശ്വാസികളായ ജനങ്ങളുടെ ഇടയിൽ. പരിശുദ്ധാത്മാവ് ഇടവിടാതെ പ്രവർത്തിക്കുന്നു, അവർ പാപികളാണെന്നും രക്ഷിക്കപ്പെടേണ്ടവരാണെന്നും ബോധ്യപ്പെടുത്തുന്നു. ***(യോഹന്നാൻ 16:7 – 11)***

അതിനാൽ, എല്ലാറ്റിന്റെയും ആരംഭം മുതൽ എല്ലാറ്റിന്റെയും അവസാനം വരെ പരിശുദ്ധാത്മാവ് സജീവമാണെന്ന് നമുക്ക് കാണാൻ കഴിയും. (താക്കോൽ വാക്യവും ***വെളിപാട് 22: 17***ഉം കാണുക) നമുക്ക് കാണാൻ കഴിയുന്നില്ലെങ്കിലും, ഏതെങ്കിലും വിധത്തിൽ നമ്മെ നിരന്തരം ബാധിക്കുന്ന കാറ്റിനോട് അവനെ ഉപമിച്ചേക്കാം. ***(യോഹന്നാൻ 3: 5–8)***



### പരിശുദ്ധാത്മാവിന്റെ സാന്നിധ്യം

കർത്താവായ യേശു തന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകുന്നതിനുമുമ്പ്, താൻ അവരോടൊപ്പമില്ലാതിരിക്കുമ്പോൾ തന്റെ സ്ഥാനത്തേക്ക് ***'മറ്റൊരു കാര്യസ്ഥനെ'*** അയയ്ക്കുമെന്ന് അവൻ തന്റെ ശിഷ്യന്മാരോട് വാഗ്ദാനം ചെയ്തു. ***(യോഹന്നാൻ 14: 15–16)*** കർത്താവായ യേശു സ്വർഗത്തിലേക്ക് മടങ്ങി പോയതിന് പത്ത് ദിവസത്തിന് ശേഷം, പെന്തക്കോസ്ത് നാളിൽ അവന്റെ അപ്പോസ്തലന്മാർ യെരൂശലേമിൽ ഒരുമിച്ചുകൂടിയപ്പോൾ ഈ വാഗ്ദാനം നിവൃത്തിയായി. ഒരു അത്ഭുതകരമായ വിധത്തിൽ, പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു. (പ്രവൃത്തികൾ 2: 14 കാണുക) അവർ കർത്താവായ യേശു ***'ശിരസ്സ്' ആയ 'ശരീരത്തിന്റെ അവയവങ്ങൾ' ആയിത്തീർന്നു. (1 കൊരിന്ത്യർ 12:12–13; കൊലൊസ്സ്യർ 1:18)*** അന്നുമുതൽ, ഓരോ വ്യക്തിയും വീണ്ടെടുപ്പിന്റെ നിമിഷത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും സഭയുടെ ഭാഗമാവുകയും ചെയ്യുന്നു. ***(എഫെസ്യർ 1:13)***

നമ്മുടെ വീണ്ടെടുപ്പിൽ നമുക്ക് ആത്മാവ് ലഭിക്കുന്നുണ്ടെങ്കിലും, ദൈവത്തിനായുള്ള നമ്മുടെ സാക്ഷ്യത്തിലും സേവനത്തിലും നമ്മെ സഹായിക്കാൻ ഈ പ്രത്യേക വ്യക്തിയെ ആശ്രയിക്കാൻ നാം പഠിക്കണം. നാം അഭിമുഖീകരിക്കുന്ന എല്ലാ തീരുമാനങ്ങളിലും അവന്റെ മാർഗനിർദേശത്തിനായി നമ്മുടെ ജീവിതം നിരന്തരം അവനിൽ സമർപ്പിക്കണം. പലപ്പോഴും നമ്മൾ സ്വന്തം ശക്തിയിലും ജ്ഞാനത്തിലും ജീവിക്കാൻ ശ്രമിക്കുന്നു, പിന്നെ എന്തുകൊണ്ടാണ് നമ്മൾ പരാജയപ്പെടുന്നത് എന്ന് നാം ചിന്തിക്കുന്നു! ഇന്ന് നമുക്ക് പരിശുദ്ധാത്മാവിനു വേണ്ടി ദൈവത്തിന് നന്ദി പറയാം, കൂടാതെ ***'നാം ആത്മാവിനാൽ ജീവിക്കുന്നതിനാൽ ആത്മാവിനാൽ നടക്കേണ്ടതുണ്ടെന്ന് ഓർമ്മിക്കാം. (ഗലാത്യർ 5:25)***

**ദൈവം എന്ന പഠനത്തിന്റെ നാല് യൂണിറ്റിൽ അവസാനത്തേതാണ്.**

bes
bible educational services

# ബൈബിൾ ടൈം
സമഗ്ര പഠനം

## B 4 - ദൈവം

### പാഠം 4 - ത്രിത്വം

വായനഭാഗം:

**യോഹന്നാൻ 14: 15–27**

താക്കോൽ വാക്യം:

**"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ;"**

മത്തായി 28:19

പ്രധാന വാക്യത്തിൽ നമ്മൾ ***'പിതാവ്', 'പുത്രൻ', 'പരിശുദ്ധാത്മാവ്'*** എന്നിവയെക്കുറിച്ച് വായിക്കുന്നു. അവർ ഒരുമിച്ച്, 'ത്രിത്വം', (ബൈബിളിൽ കാണാത്ത ഒരു വാക്ക്) അല്ലെങ്കിൽ ***'ദൈവത്വം'*** എന്ന് വിളിക്കപ്പെടുന്നവ രൂപപ്പെടുത്തുന്നു. തീർച്ചയായും ഇതൊരു വലിയ രഹസ്യമാണ്, കാരണം ദൈവം അനന്തമാണ് അതായത്, അവന് പരിമിതികളില്ല, അതിനാൽ നമുക്ക് അവനെ അളക്കാൻ കഴിയില്ല. അവൻ പരമോന്നതനാണ്, മുഴുവൻ പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും താങ്ങുന്നവനും, അവന്റെ ശക്തിയിലും ജ്ഞാനത്തിലും സർവ്വശക്തനുമാണ്.

ദൈവത്തിൽ നിന്ന് വ്യത്യസ്തമായി, സൃഷ്ടിക്കപ്പെട്ട ജീവികൾ എന്ന നിലയിൽ നാം പരിമിതരാണ്, അതിനർത്ഥം നമ്മൾ പല തരത്തിൽ പരിമിതരാണ് എന്നാണ്. നമ്മുടെ ശക്തികളും കഴിവുകളും പല ഘടകങ്ങളാൽ പരിമിതപ്പെടുത്തിയിരിക്കുന്നുവെന്ന് നാമെല്ലാവരും ഉടൻ മനസ്സിലാക്കുന്നു!



അയർലണ്ടിലെ ആദ്യത്തെ മിഷനറി പാട്രിക്, ത്രിത്വത്തെക്കുറിച്ച് പഠിപ്പിക്കുവാൻ ഒരു ഷാംറോക്ക് ഇല ഉപയോഗിച്ചത് പ്രസിദ്ധമാണ്. (ചിത്രത്തിന്റെ ഉറവിടം: വിക്കിപീഡിയ)

### ഒരു ദൈവം – മൂന്ന് വ്യക്തികൾ – വൈവിധ്യം

ത്രിത്വത്തിന്റെ വിഷയം പഠിക്കാൻ ശ്രമിക്കുമ്പോൾ, നമ്മുടെ പരിമിതികൾ സമ്മതിക്കുന്നത് നല്ലതാണ്, എന്നിരുന്നാലും നമ്മുടെ വിശ്വാസത്തിന് ഒരു പരിധിയും ആവശ്യമില്ല. നമുക്ക് പൂർണ്ണമായി മനസ്സിലാകുന്നില്ലെങ്കിലും, മൂന്ന് വ്യക്തികളിൽ, ദൈവം ഏക ദൈവമാണെന്ന വസ്തുത നമുക്ക് അംഗീകരിക്കാം.

ബൈബിൾ വെളിപ്പെടുത്തുന്ന ചില പ്രധാന കാര്യങ്ങൾ ഇതാ:

a) ഒരു ദൈവം ഉണ്ട്. ***(യെശയ്യാവ് 45:22; മർക്കോസ് 12:29)***

b) ദൈവത്തിനകത്ത്, മൂന്ന് വ്യക്തികൾ ഉണ്ട്, പിതാവ്, പുത്രൻ, ആത്മാവ്; വാക്കിന്റെ പൂർണ്ണമായ അർത്ഥത്തിൽ ഓരോരുത്തരും 'ദൈവം' ആണ്. (പഠനങ്ങൾ 1, 2, 3 കാണുക)

c) പിതാവും പുത്രനും ആത്മാവും പരസ്പരം തികച്ചും വ്യത്യസ്തരാണ്. ഇത് ***യോഹന്നാൻ 14:16***ൽ കാണാം, അവിടെ പരിശുദ്ധാത്മാവിനെ അയയ്ക്കുന്ന പിതാവിനോട് അഭ്യർത്ഥിക്കാൻ പുത്രൻ (യേശു) വാഗ്ദാനം ചെയ്യുന്നു.

### ഒരു ദൈവം – മൂന്ന് വ്യക്തികൾ – ഐക്യം

ദൈവത്വത്തിലെ വ്യക്തികൾ വേറിട്ടതാണെങ്കിലും, അവരുടെ ഐക്യം വ്യക്തമായി പ്രകടമാകുന്ന നിരവധി സന്ദർഭങ്ങളുണ്ട്. ഒന്നിന്റെ സാന്നിധ്യവും പ്രവർത്തനവും, മറ്റുള്ളവരുടെ സാന്നിധ്യവും പ്രവർത്തനവും ഉൾക്കൊള്ളുന്നു. ഇവ മൂന്നും എങ്ങനെ ഉൾപ്പെടുന്നുവെന്ന് ശ്രദ്ധിക്കുക:

a) യേശുവിന്റെ സ്നാനം. യോഹന്നാൻ. ***മത്തായി 3:16, 17***

b) യേശുവിന്റെ മരണം. കാൽവരിയിൽ ***എബ്രായർ 9:14***

c) കർത്താവായ യേശുവിൽ വിശ്വാസികളുടെ സ്നാനം. ***മത്തായി 28:18, 19***

d) പരിശുദ്ധാത്മാവിന്റെ ദാനം. ***യോഹന്നാൻ 14: 26; പ്രവൃത്തികൾ 2: 32, 33***

***2 കൊരിന്ത്യർ 13:14***ൽ വ്യക്തമായി കാണുന്നതുപോലെ, ദൈവത്തിന്റെ മൂന്ന് വ്യക്തികളും നമ്മുടെ എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമാകുന്നതിൽ ഏകീകൃതരാണ്, ***'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവസ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.***

### ഒരു ദൈവം – മൂന്ന് വ്യക്തികൾ – അധികാരം

സ്നാനം ***'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ'*** ആയിരിക്കണമെന്ന് താക്കോൽ വാക്യം പഠിപ്പിക്കുന്നു. സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് കർത്താവ് തന്റെ അപ്പോസ്തലന്മാരോടുള്ള അവസാന കൽപനയായിരുന്നു ഇത്. കർത്താവായ യേശുക്രിസ്തുവിലേക്കുള്ള ഒരു വ്യക്തിയുടെ മാനസാന്തരത്തിന്റെ പരസ്യമായ സാക്ഷ്യപ്പെടുത്തലാണ് സ്നാനം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. എന്ന ***'നാമത്തിൽ '*** ഇപ്പോൾ മുതൽ ആ വ്യക്തിയുടെ വിശ്വസ്തത ത്രിത്വത്തോടാണെന്ന് പ്രഖ്യാപിക്കുന്നു കർത്താവിന്റെ ഈ കൽപന ത്രിത്വത്തെക്കുറിച്ചുള്ള പഠിപ്പിക്കലിനെ നമ്മുടെ പ്രായോഗിക ക്രിസ്തീയ ജീവിതവുമായി ബന്ധപ്പെട്ട ഒന്നിലേക്ക് ഉയർത്തുന്നു. ***'നാമത്തിൽ...'*** സ്നാനം ഏൽക്കുന്നത്, നമ്മുടെ ജീവിതത്തിന്റെ മേൽ ദൈവത്വത്തിന്റെ ഭരണം നാം അംഗീകരിച്ചുവെന്ന് സൂചിപ്പിക്കുന്നു.

***'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുന്നു'*** എന്ന് കർത്താവ് പറഞ്ഞപ്പോൾ, അവൻ മൂന്ന് വസ്തുതകൾ ഊന്നിപ്പറയുകയായിരുന്നു:

1. ദൈവത്വത്തിന്റെ ഐക്യം. ('നാമത്തിൽ' എന്നത് ഏകവചനമാണെന്ന് ശ്രദ്ധിക്കുക ബഹുവചനമല്ല!)
2. ശിഷ്യന്മാരാകുന്ന എല്ലാവരും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അധികാരത്തിൻ കീഴിലാണ്.
3. എല്ലാ ക്രിസ്ത്യാനികൾക്കും അവരുടെ ആത്മീയവും ശാശ്വതവുമായ അനുഗ്രഹത്തിൽ ത്രിത്വത്തിലെ മൂന്ന് വ്യക്തികളുടെ സജീവമായ ഇടപെടലിൽ ആശ്രയിക്കാനാകും.

സർവ്വശക്തനും പരിശുദ്ധനുമായ ദൈവം നമ്മെ സ്നേഹിക്കുകയും നമ്മുടെ രക്ഷയ്ക്കായി തന്റെ അതുല്യ പുത്രനെ നൽകുകയും ചെയ്തിരിക്കുന്നു എന്ന വസ്തുത നാം ചെയ്യേണ്ട പ്രതികരണം വ്യക്തമായി കാണിക്കുന്നു. ഭൂതകാലവും വർത്തമാനകാല അനുഭവങ്ങളും നമ്മെ പഠിപ്പിക്കുന്നത് ജീവിതം സന്തോഷവും ദുഃഖവും, സംശയങ്ങളുടെയും ഉറപ്പുകളുടെയും മിശ്രിതമാണ്. പിതാവായ ദൈവത്തിന്റെ സ്നേഹവും, പുത്രനായ ദൈവത്തിന്റെ സഹവാസവും, പരിശുദ്ധാത്മാവായ ദൈവത്തിന്റെ ആശ്വാസവും മാർഗനിർദേശവും അറിയാൻ, നമ്മുടെ ജീവിതത്തിൽ മറ്റെവിടെയും കണ്ടെത്താൻ കഴിയാത്ത പ്രസക്തമായ ഒരു മാനം ഉണ്ടായിരിക്കണം

**ദൈവം എന്ന പഠനത്തിന്റെ നാല് യൂണിറ്റിൽ അവസാനത്തേതാണ്.**

© Bible Educational Services | Visit : www.besweb.com | 10/ 2023